**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് /ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) | സ.ഉ(എം.എസ്) നം. 25/87/എൽഎഡി തിയതി 03.02.1987 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ ( പഞ്ചായത്തിലെ ജീവനക്കാരുടെ ഉൾപ്പെടെ ) ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സഞ്ചിതനിധിയിൽ നിന്നാണോ തദ്ദേശനിധിയിൽ നിന്നാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ? വിശദവിവരങ്ങൾ നൽകാമോ; | (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മറ്റു ജീവനക്കാർക്ക് സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നുമാണ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. |
| (സി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വരവ് ചെലവുകൾ അക്കൗണ്ടിംഗ് രീതികളും സഞ്ചിത നിധിയും തദ്ദേശ നിധിയുമായി ബന്ധപ്പെടുത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ; | (സി) | ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |
| (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സഞ്ചിത നിധിയിൽ നിന്നും ശമ്പളം ലഭിക്കുന്ന വിഭാഗം ജീവനക്കാർ, തദ്ദേശ നിധിയിൽ നിന്നും ശമ്പളം ലഭിക്കുന്ന വിഭാഗം ജീവനക്കാർ, എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കാമോ; വിശദ വിവരങ്ങൾ നൽകാമോ? | (ഡി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മറ്റു ജീവനക്കാർക്ക് സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നുമാണ് ശമ്പളം നൽകുന്നത്. |

സെക്ഷൻ ഓഫീസർ